**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കണ്ടറി വിദ്യാഭ്യാസം-അക്കാഡമിക്-2022-23-ഏകജാലക സംവിധാനം-പ്രോസ്പെക്ടസ് തയ്യാറാക്കുന്നതിനുള്ള സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

ജി.ഒ. (ആർ.റ്റി) നം.3977/2022/പൊ.വി.വ. തീയതി,തിരുവനന്തപുരം 07/07/2022

---

പരാമർശം : പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച 17.06.2022 ലെ ഐ സി റ്റി സെൽ/1771/ ഡി ജി ഇ_എച്ച് എസ് ഇ/2022 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പൊതുവിദ്യാഭ്യാസ ഡയറക്ടർ ഏകജാലക സംവിധാനം മുഖേന 2022-23 അധ്യയന വർഷത്തെ സ്കൂൾ പ്രവേശനം സംബന്ധിച്ച് പരാമർശ പ്രകാരം ലഭ്യമാക്കിയ ശിപാർശകൾ പരിശോധിച്ച് ചുവടെ പറയുന്നവയിൽ സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

1. ഏകജാലക സംവിധാനം വഴിയുള്ള പ്ലസ് വൺ പ്രവേശനത്തിൽ നീന്തൽ അറിവിന് നൽകി വരുന്ന ബോണസ് പോയിന്റ് ഒഴിവാക്കാവുന്നതാണ്.

2. (a) എൻ.സി.സി/സ്കൗട്ട് ആന്റ് ഗൈഡ് രാജ്യപുരസ്കാരം നേടിയവർ/സ്റ്റുഡന്റ് പോലീസ് കേഡറ്റ്/ലിറ്റിൽ കൈറ്റ്സ് A ഗ്രേഡ് എന്നിവയിൽ ഏതെങ്കിലും ഒന്നു മാത്രം ഒരു കുട്ടിയെ സംബന്ധിച്ച് ബോണസ് പോയിന്റിനു പരിഗണിക്കാവുന്നതാണ്.

(b) WGPA സൂത്രവാക്യത്തിൽ ആദ്യഭാഗം അക്കാദമിക മികവിന്റെയും രണ്ടാം ഭാഗം ബോണസ് പോയിന്റിന്റേയും ആണ്. WGPA ഏഴ് ദശാംശസ്ഥാനത്തിന് കൃത്യമായി കണക്കിലെടുത്തതിനു ശേഷവും ഒന്നിലേറെ അപേക്ഷകർക്ക് തുല്യ പോയിന്റ് ലഭിച്ചാൽ WGPA സൂത്രവാക്യത്തിൽ ആദ്യഭാഗം കൂടുതൽ ഉള്ളത് റാങ്കിൽ മുന്നിൽ ഉൾപ്പെടുത്തുന്ന രീതി അവലംബിക്കാവുന്നതാണ്.

(c) പ്രാദേശികമായി അനുവദിച്ചിട്ടുള്ള ബോണസ് പോയിന്റ്, അതായത് "അതേ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, അതേ താലൂക്ക്, ഗവ./എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്ത ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് അതേ താലൂക്കിലെ മറ്റ് സ്കൂളുകളിൽ നൽകുന്ന ഗ്രേഡ് പോയിന്റ്" എന്നിവ മൂന്നായി പ്രത്യേകമായി പരിഗണിക്കാതെ ഏതെങ്കിലും ഒന്നുണ്ടെങ്കിൽ 2 ബോണസ് പോയിന്റ് അനുവദിക്കുന്ന വിഷയത്തിൽ നിലവിലെ സ്ഥിതി തുടരാവുന്നതാണ്.

(d) WGPA തുല്യമാകുമ്പോൾ ടൈ ബ്രേക്കിങ് രീതി പരാമർശ കത്തിൽ പ്രതിപാദിച്ച പ്രകാരം മാറ്റാവുന്നതാണ്.

3. കമ്മ്യൂണിറ്റി ക്വാട്ട അപേക്ഷകൾ ഏകജാലക അപേക്ഷയോടൊപ്പം ഒറ്റ അപേക്ഷ ആയി സ്വീകരിക്കേണ്ടതില്ല.

4. റവന്യൂ ജില്ലയിലെ അൺ-എയ്ഡഡ് സ്കൂളുകളിലേക്കും/എയ്ഡഡ് സ്കൂളുകളിലെ അൺ എയ്ഡഡ് ബാച്ചുകളിലേക്കും വേണ്ടി ഒരു അപേക്ഷ ഏകജാലക സംവിധാനത്തിലൂടെയല്ലാതെ സ്വീകരിച്ച് അലോട്ട്മെന്റ് പ്രക്രിയയിലൂടെ 40% മെറിറ്റ് സീറ്റിലും 12% പട്ടികജാതി സീറ്റിലും 8% പട്ടികവർഗ്ഗ സീറ്റിലും പ്രവേശനം നടത്താവുന്നതാണ്.

5. മുഖ്യഘട്ട അലോട്ട്മെന്റുകളുടെ എണ്ണം രണ്ടിൽ നിന്ന് മൂന്നായി വർദ്ധിപ്പിക്കാവുന്നതാണ്.

6. ഏകജാലക സംവിധാനത്തിന്റെ ഒന്നാം ഘട്ടത്തിൽ പരിഗണിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനായുള്ള അവസാന തീയതിക്കു ശേഷം യോഗ്യത നേടുന്നവരെ, മുഖ്യഘട്ടത്തിനു ശേഷമുള്ള സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശിക്കാവുന്നതാണ്.

7.സാക്ഷരതാ മിഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂൾ എന്നിവയിലൂടെ അനൗപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ പത്താം തരം യോഗ്യത നേടുന്ന വിദ്യാർത്ഥികൾ ഹയർ സെക്കണ്ടറി റെഗുലർ സ്കീമിൽ തെറ്റായി അപേക്ഷ സമർപ്പിക്കുന്നത് ഒഴിവാക്കുന്നതിനായി പ്രോസ്പെക്ടസിലെ 'പ്രവേശന യോഗ്യത' എന്ന ഖണ്ഡിക കൂടുതൽ സ്പഷ്ടീകരണം നൽകുന്നത് ഉചിതമായിരിക്കുന്നതാണ്. നിലവിൽ "എസ്.എസ്.എൽ.സി (കേരള സിലബസ്), സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, റ്റി.എച്ച്.എസ്.എൽ.സി തുടങ്ങിയ സ്കീമുകളിൽ പരീക്ഷ വിജയിച്ചവർക്കും, മറ്റു സംസ്ഥാനങ്ങളിൽ നിന്നും, രാജ്യങ്ങളിൽ നിന്നും എസ്.എസ്.എൽ.സി.ക്ക് തുല്യമായ പരീക്ഷ വിജയിച്ചിട്ടുള്ളവർക്കും അപേക്ഷിക്കാം" എന്ന് നൽകിയിരിക്കുന്നത് "എസ്.എസ്.എൽ.സി (കേരള സിലബസ്), സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, റ്റി.എച്ച്.എസ്.എൽ.സി തുടങ്ങിയ സ്കീമുകളിൽ ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ (Formal system of education of 10 years with nearly 200 academic days for each class along with Continuous Evaluation and extra-curricular activities) പരീക്ഷ വിജയിച്ചവർക്കും, മറ്റു സംസ്ഥാനങ്ങളിൽ നിന്നും, രാജ്യങ്ങളിൽ നിന്നും എസ്.എസ്.എൽ.സി ക്ക് തുല്യമായ പരീക്ഷ ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ വിജയിച്ചിട്ടുള്ളവർക്കും അപേക്ഷിക്കാം" എന്ന് വിശദീകരിക്കാവുന്നതാണ്.

ഇതു സംബന്ധിച്ചുള്ള അനന്തര നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**അനിൽ കുമാർ.എസ്.വി.**

ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കണ്ടറി വിഭാഗം, തിരുവനന്തപുരം.
കോ ഓർഡിനേറ്റർ, ഐ സി റ്റി സെൽ, പൂജപ്പുര, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി എ യ്ക്ക്